©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 30<br>30th March 2021<br>1196 മീനം 16<br>16th Meenam 1196<br>1943 ചൈത്രം 9<br>9th Chaithra 1943 | നമ്പർ<br>No. **1323** |

കേരള സർക്കാർ

**വനം വന്യജീവി (സി) വകുപ്പ്**

വിജ്ഞാപനം

ജി.ഒ.(പി) നമ്പർ. 14/2021/വനം — തിരുവനന്തപുരം, 2021, മാർച്ച് 24
1196, മീനം 10

**എസ്. ആർ. ഒ. നമ്പർ 318/2021**

1961 ലെ കേരള വനം ആക്റ്റിന്റെ (1962 - ലെ 4) 4-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ, ഇതിനാൽ,-

(എ) താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥലം 'സൂര്യനെല്ലി റിസർവ്വ്' എന്ന പേരിൽ ഒരു റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും ;

(ബി) ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലത്തെ സംബന്ധിച്ച്, അത്തരം അതിർത്തികൾക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്തിലോ അഥവാ അപ്രകാരമുള്ള സ്ഥലത്തുള്ള ഏതെങ്കിലും വനവിഭവത്തിന്മേലോ ഏതെങ്കിലും ആൾക്കുണ്ടെന്ന് അവകാശപ്പെടുന്നതോ, പറയപ്പെടുന്നതോ ആയ ഏതെങ്കിലും അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും, അത്, പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കൈകാര്യം ചെയ്യുന്നതിനും വേണ്ടി ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറെ, ഔദ്യോഗിക നിലയിൽ, ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി നിയമിക്കുകയും;

(സി) ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കപ്പെട്ട ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ, പ്രസ്തുത ആക്ടിന്റെ II-ാം അദ്ധ്യായത്തിൻ കീഴിൽ നടത്തുന്ന ഏതൊരു അന്വേഷണത്തിലും സർക്കാരിനു വേണ്ടി ഹാജരാകുന്നതിന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ഔദ്യോഗിക നിലയിൽ നിയമിക്കുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

| | | |
|---|---|---|
| ജില്ല | : | ഇടുക്കി |
| താലൂക്ക് | : | ഉടുമ്പൻചോല |
| വില്ലേജ് | : | ചിന്നക്കനാൽ |
| ഫോറസ്റ്റ് ഡിവിഷൻ | : | മൂന്നാർ |
| ഫോറസ്റ്റ് റെയിഞ്ച് | : | ദേവികുളം |
| സ്ഥലം | : | സൂര്യനെല്ലി |
| റീ സർവ്വേ നമ്പർ | : | 60 |
| ബ്ലോക്ക് നമ്പർ | : | 6 |
| വിസ്തീർണ്ണം (ഹെക്ടറിൽ) | : | 290.35 |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | കണ്ണൻദേവൻ ഹിൽസ് വില്ലേജിലെ ബ്ലോക്ക് നം. 34 ൽപ്പെട്ട 'കണ്ണൻദേവൻ റിസർവ്വ്' |
| കിഴക്ക് | : | തമിഴ് നാട്ടിലെ തേനി ജില്ലയിലെ റിസർവ്വ് ഫോറസ്റ്റ്, തുടർന്ന് തമിഴ് നാട്ടിലെ കൊളുക്കുമലൈ തേയില തോട്ടം, തുടർന്ന് ചിന്നക്കനാൽ വില്ലേജിലെ ബ്ലോക്ക് നം. 7 ൽപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി (തിപ്പട്ടമലയും പാപ്പാത്തിഷോലയും) |
| തെക്ക് | : | ഹാരിസൺ മലയാളം പ്ലാന്റേഷൻ (റീ സർവ്വേ നം. 62), തുടർന്ന് റവന്യൂ പുറമ്പോക്ക് ഇപ്പോൾ വിവിധ ആളുകളുടെ കൈവശത്തിൽ (റീ സർവ്വേ നം. 61) |
| പടിഞ്ഞാറ് | : | ഹാരിസൺ മലയാളം പ്ലാന്റേഷൻ (റീ സർവ്വേ നം. 58), തുടർന്ന് റവന്യൂ പുറമ്പോക്ക് (റീ സർവ്വേ നം. 57) |

Certified that this is the true copy of the original notification of Suryanelly Reserve published in page no. 1-3 of the Kerala Gazette Extraordinary no.1323 Volume X dated 30 March 2021.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**രാജേഷ് കുമാർ സിൻഹ**

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/